प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഒക്ടോബർ 03, 2018

**ഫെഡറൽ ബാങ്ക് ലിമിറ്റഡിനെതിരെ റിസർവ്ബാങ്ക് ഓഫ് ഇന്ത്യ പണപ്പിഴ ചുമത്തി**

2018 സെപ്തംബർ 25ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ റിസർവ്ബാങ്ക് ഓഫ് ഇന്ത്യ (RBI), ഫെഡറൽബാങ്ക് ലിമിറ്റ (ബാങ്ക്) ഡിനുമേൽ 50 ദശലക്ഷം രൂപ പണപ്പിഴ ചുമത്തി. 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (ആക്ട്) സെക്ഷൻ 19(2) ൻറെ ലംഘനത്തിനും, താഴെപ്പറയുന്ന കാര്യങ്ങളിൽ (RBI) പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കാതിരുന്ന തിനുമാണ് പിഴചുമത്തിയത്. (a) വൻ പണമടവുകൾ സംബന്ധ മായ വിവരം ശേഖരിക്കുന്ന കേന്ദ്ര റിപ്പോസിറ്ററി (Central Reporting of Information on Large Credits-CRILC) യിലേക്കുള്ള വിവരങ്ങൾ റിപ്പോർട്ടു ചെയ്യുക. (b) RBS ന് കീഴിലുള്ള മൂല്യനിർണ്ണയ ത്തിന് റിപ്പോർട്ടിംഗ് നടത്തുക. (c) ATM സംബന്ധമായ ഇടപാടുകാരുടെ പരാതികൾ

പരിഹരിക്കുന്നതിൽവന്ന കാലതാമസത്തിനുള്ള നഷ്ടപരിഹാരം നൽകുക (d) നിങ്ങളുടെ കസ്റ്റമറെഅറിയുക (KYC), പണം വെളിപ്പിക്കുന്നതിനെതിരായ നിയമ ങ്ങൾ (AML) എന്നിവ പാലിക്കുക. ആക്ടിലെ സെക്ഷൻ 47A (1) (c) ഒപ്പം 46(4)(2) ൻറെ വ്യവസ്ഥകൾ പ്രകാരം ആർ.ബി.ഐ. യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ചാണ്, മേൽപ്പറഞ്ഞ വ്യവ സ്ഥകളും ആർ.ബി.ഐ. പുറപ്പെടുവിച്ച ഉത്തര വുകളുംപാലിക്കുന്നതിൽ ബാങ്ക്പരാജയപ്പെട്ടതി നാലാണ് ഈ പിഴ ചുമത്തിയത്.

മേൽനോട്ട സംബന്ധമായ കാര്യങ്ങളിലുള്ള പോരായ്മകളുടെ അടിസ്ഥാനത്തിലാണ് ഈ നടപടി. അല്ലാതെ, ബാങ്ക് അതിൻറെ ഇടപാടു കാരുമായി നടത്തിയ ഇടപാടുക ളുടേയോ, ഉടമ്പടികളുടെമേലുള്ള വിധിപ്രസ്താവന നടത്തുവാൻ ഉദ്ദേശിച്ചുള്ളതല്ല.

അജിത് പ്രസാദ്
അസിസ്റ്റൻറു അഡ്വൈസർ

പ്രസ്സ് റിലീസ് **2018-2019/778**